بسم الله الرحمن الرحيم

# EID-UL-FITR Sermon / ചെറിയ പെരുന്നാൾ ഖുത്തുബ 29.07.2014

(01 SHAWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും, ഈദ് മുബാറക് ആശംസയ്ക്കും ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ്, തശഹ്ഹുദ്, തഅ്വ്വുദ്, സൂറ അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു.

ഈ വർഷത്തെ റമദാൻ അവസാനിച്ചിരിക്കുകയാണ്. എന്നാൽ റമദാൻ മാസത്തിൽ നാം തുടങ്ങി വച്ച നല്ല പ്രവർത്തനങ്ങൾ അവസാനിക്കുന്നില്ല. ഇത് അടുത്ത റമദാൻ വരെ തുടരേണ്ടതാണ്. എല്ലാ ആരാധനകളുടെയും സത്ത വ്രതാനുഷ്ഠാനമാണ്. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള മനുഷ്യന്റെ എല്ലാ ഉത്തരവാദിത്വങ്ങളും പൂർണ്ണ നിലയിൽ നിറവേറ്റുവാൻ അവനെ റമദാൻ പ്രാപ്തനാക്കുന്നു.

റമദാൻ മാസത്തിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ അവരുടെ ആരാധനാ നിലപാട് ഉയർത്തുകയും, വ്രതാനുഷ്ഠാന തയ്യാറെടുപ്പിനായി ഇടയത്താഴം കഴിക്കുവാനായി അതിരാവിലെ ഉണരുകയും ചെയ്യുമായിരുന്നു. ഈ പ്രവർത്തി റമദാന് ശേഷവും തുടരേണ്ടതാണ്; അങ്ങനെയായാൽ അതിരാവിലെ അവർക്ക് തഹജ്ജുദ് നമസ്ക്കാരം നിർവ്വഹിക്കാനും തുടർന്ന് കൃത്യസമയത്തു തന്നെ ഫജ്ർ നമസ്ക്കാരം നിർവ്വഹിക്കാനും സാധിക്കുന്നതാണ്. പ്രത്യേക അനുഗ്രഹ ലഭ്യതയ്ക്കുള്ള പ്രഭാത ഖുർ ആൻ പാരായണത്തിനും സാധിക്കുന്നതാണ്.

ദൗർഭാഗ്യവശാൽ, റമദാൻ മാസം ആഗതമായിട്ടും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഒന്നും ചെയ്യാതെ അനുഗ്രഹ റമദാന്റെ യാതൊരു പ്രയോജനവും ലഭിക്കാതെ പോയ ദൗർഭാഗ്യവാന്മാർ അവരുടെ ജീവിതം നഷ്ടപ്പെടുത്തികളഞ്ഞിരിക്കുകയാണ്. മാത്രമല്ല, ഈ ഈദ് ദിനത്തിൽ അവർക്ക് എങ്ങനെയാണ് സന്തോഷിക്കുവാൻ കഴിയുന്നത് ? കാരണം അവരുടെ കൈകളിൽ നിന്നും ഈ അനുഗ്രഹീത മാസം വഴുതി പോയിരിക്കുകയാണ്. യാതൊരു കാരണവും കൂടാതെ റമദാൻ മാസത്തിലെ അനുഗ്രഹീത വ്യതാനുഷ്ഠാനത്തെ അവഗണിക്കുകയും ചെയ്യുന്ന മുസ്ലീംകളുടെ ഈ നടപടി വളരെ ഗൗരവം അർഹിക്കുന്നതാണ്. അതോടൊപ്പം മുസ്ലീംകളുടെ ഭാഗത്തു നിന്നുള്ള ഒരു വലിയ പരാജയവുമാണ്. റമദാൻ മാസത്തിൽ അനുഷ്ഠിക്കേണ്ട കാര്യങ്ങളൊക്കെ ചെയ്യാതെ ഇവർക്ക് എങ്ങനെയാണ് ഇന്ന് സന്തോഷിക്കുവാൻ കഴിയുക ?

അല്ലാഹുവിലും, ഇസ്ലാമിന്റെ പാഠങ്ങളിലും വിശ്വസിക്കുന്നു എന്നു പറയുന്ന ഓരോ വിശ്വാസിയും, താൻ മുറുകെ പിടിക്കുന്ന കാര്യങ്ങളെല്ലാം പ്രവർത്തി പഥത്തിൽ കൊണ്ടുവരേണ്ടതാണ്. മാത്രമല്ല അനുഗ്രഹീത റമദാൻ മാസത്തിലെ ഒരു ദൈവീക അനുഗ്രഹവും നഷ്ടപ്പെടുത്തി കളയുവാൻ പാടില്ലാത്തതുമാകുന്നു. അവൻ അല്ലാഹുവിനോട് നടത്തുന്ന പ്രാർത്ഥന, പ്രപഞ്ചം മുഴുവൻ കേൾക്കുന്നതാണ്; കാരണം ഈ പ്രാർത്ഥനകൾ എല്ലാ ലോകത്തും മലക്കുകൾ വ്യാവിപ്പിക്കുന്നതാണ്.

അല്ലാഹു (ത) യുടെ അനുസരണത്തിൽ ഒരു മാസം കഴിഞ്ഞവർക്കുള്ളതാണ് പെരുനാൾ. അവർക്ക് അനുവദിക്കാത്തതിൽ നിന്നെല്ലാം അവർ അകന്നു നിന്നു. അല്ലാഹുവിനോടുള്ള അവരുടെ സ്നേഹവും അനുസരണവും പ്രകടിപ്പിക്കുന്നതിനായി അവർ എല്ലാം ഉപേക്ഷിച്ചു. അവന് വേണ്ടി മാത്രം അവർ എല്ലാം സമർപ്പിച്ചു ; അല്ലാഹുവിന് വേണ്ടി അവർ ഒരു മാസം ത്യാഗം ചെയ്തു.; അപ്പോൾ സർവ്വ ശക്തനായ അല്ലാഹു അവർക്കായി ഒരു പെരുനാൾ ദിനം നൽകി; സർവ്വ ശക്തനായ അല്ലാഹുവിനെ അനുസരിക്കുന്നതിൽ അനുഗ്രഹീതമായ ഒരു മാസം അവർ ചിലവഴിച്ചു. അപ്പോൾ അല്ലാഹു അവർക്ക് സന്തോഷിക്കുവാൻ ഒരു ദിനം നൽകി. അതാണ് ഈ ചെറിയ പെരുനാൾ അഥവാ ഈദുൽ ഫിത്ർ.

ഈദ് ദിനത്തിൽ, റസൂൽ (സ) യുടെ കാലത്തുണ്ടായ ഒരു സംഭവം ഞാൻ വിവരിക്കുകയാണ്. ഈദ് ദിനം ആഘോഷിക്കുവാൻ അതി രാവിലെ തന്നെ വിശ്വാസികളെല്ലാം സജീവമായി തയ്യാറെടുത്തു. അങ്ങനെ മദീനാ ആനന്ദ ലഹരിയിലായി. പെരുനാൾ നിസ്ക്കാരം ആരംഭിക്കാറായപ്പോൾ, ചെറുപ്പക്കാരും വൃദ്ധരും എല്ലാം പള്ളിയിലേക്ക് ധൃതിയിൽ പോയി. അവരെല്ലാം അവർക്ക് കഴിയുന്ന തരത്തിൽ ഏറ്റവും നല്ല വസ്ത്രങ്ങൾ അണിഞ്ഞിരുന്നു. കുട്ടികളുടെ പ്രകൃതിയിൽ തന്നെയുള്ളതാണ് പുതുവസ്ത്രം അണിയുന്നതിൽ സന്തോഷിക്കുക എന്നത്.

പെരുനാൾ നമസ്ക്കാരാനന്തരം കുട്ടികൾ സന്തോഷഭരിതരായി കളിസ്ഥലത്തേക്കു പോയി. പ്രവാചകപ്രഭു പള്ളിയിൽ നിന്നും പുറത്തിറങ്ങിയപ്പോൾ, ഒരു കുട്ടി ഒരു മൂലയിലിരുന്ന് വിങ്ങി വിങ്ങി കരയുന്നത് കാണാനിടയായി.

നബി തിരുമേനി (സ) ആ കുട്ടിയെ സമീപിച്ചു. തന്റെ കൈ കുട്ടിയുടെ ചുമലിൽ വച്ച് എന്നിട്ട് ചോദിച്ചു എന്റെ കുട്ടി ! നീ എന്തിനാണ് കരയുന്നത് ? കുട്ടി അവന്റെ തല ഉയർത്താതെ, തന്നോട് സംസാരിക്കുന്നതാരാണെന്നറിയാതെ, കോപത്തോടെ പറഞ്ഞു എന്നെ വിട്ടേക്കുക മുഹമ്മദ് (സ) തന്റെ കൈ അവന്റെ തലമുടിയിൽ തടവികൊണ്ട് ശാന്ത സ്വരത്തിൽ ചോദിച്ചു. നിനക്ക് എന്ത് പറ്റിയെന്ന് എന്നോട് പറയുക. അപ്പോൾ ആ കുട്ടി തന്റെ തല രണ്ട് മുട്ടുകാലുകൾക്കിടയിൽ വച്ച് കരയുവാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു **“എന്റെ പിതാവ് പ്രവാചകരോടൊപ്പം യുദ്ധത്തിൽ പങ്കെടുത്തപ്പോൾ മരിച്ചുപോയി.”** എന്റെ മാതാവ് വേറെ വിവാഹം കഴിച്ചു. ഞാൻ എന്റെ ഉമ്മായുടെ സ്ഥലത്ത് ചെന്നപ്പോൾ അവരുടെ ഭർത്താവ് എന്നെ തള്ളിമാറ്റി. എന്റെ അനന്തരവകാശ സ്വത്ത് ആരോ കവർന്നെടുത്തു. ഇന്ന് മറ്റ കുട്ടികളെല്ലാം സന്തോഷഭരിതരാണ് ; പുതുവസ്ത്രങ്ങളണിഞ്ഞ് അവർ സന്തോഷിക്കുന്നു. എന്നെ നോക്കൂ ! ഞാനൊന്നും ഭക്ഷിച്ചിട്ടില്ല. എവിടെ പോകണമെന്ന് എനിക്കറിയില്ല. എനിക്ക് ജീവിക്കുവാൻ ഒരിടവുമില്ല.

തിരുമേനി (സ) ഇതു കേട്ടപ്പോൾ, തന്റെ കവിൾ തടത്തിലൂടെ കണ്ണുനീർ ഒഴുകുവാൻ തുടങ്ങി. അദ്ദേഹം പുഞ്ചിരിക്കുവാൻ ശ്രമിച്ചു. വളരെ മൃദുലമായി അദ്ദേഹം കുട്ടിയോടു പറഞ്ഞു. **“ഞാൻ കുഞ്ഞായിരിക്കുമ്പോൾ തന്നെ എനിക്കും എന്റെ മാതാപിതാക്കൾ നഷ്ടമായി”.** അപ്പോൾ, തന്നോട് സംസാരിക്കുന്നത് ആരാണെന്ന് അറിയുവാൻ, ആ കുട്ടി തല ഉയർത്തി. അപ്പോൾ അവന് മനസ്സിലായി തന്റെ മുമ്പിൽ നിൽക്കുന്നത് സാക്ഷാൽ പ്രവാചക പ്രഭുവായ മുഹമ്മദ് (സ) ആണെന്ന് !

**വിശുദ്ധ പ്രവാചകൻ (സ) കുട്ടിയോടു പറഞ്ഞു. ഞാൻ നിന്റെ പിതാവും, ആയിശാ നിന്റെ മാതാവും, ഫാത്തിമ നിന്റെ സഹോദരിയുമായാൽ നിനക്കു സന്തോഷുമാകുമോ കുട്ടീ ! ആ കുട്ടി വളരെ സന്തോഷവനായി. അവനെ പരിശുദ്ധ പ്രവാചകൻ തന്റെ വീട്ടിലേക്ക് കൂട്ടികൊണ്ടു പോയി. ഹസ്രത് ആയിശ അവനെ കുളിപ്പിച്ചു, ഭക്ഷണം കൊടുത്തു. എന്നിട്ട് മറ്റ കുട്ടികളോടൊപ്പം പോയി കളിക്കുവാൻ പറഞ്ഞു. എന്നിട്ട് കളി കഴിഞ്ഞ് അവരുടെ വീട്ടിലേക്ക് മടങ്ങി വരുവാൻ പറഞ്ഞു. ഇന്നു മുതൽ ഇതായിരിക്കും നിന്റെ വീട് എന്നും പറയുകയുണ്ടായി.**

ആ കുട്ടി പുറത്തു കളിക്കുവാൻ പോയി. കളി കഴിഞ്ഞ ശേഷം ,സന്തോഷത്തോടെ അവൻ പ്രവാചകർ (സ) യുടെ വീട്ടിൽ മടങ്ങിയെത്തി. ആ കുട്ടിയുടെ മാറ്റം കണ്ട് മറ്റു കുട്ടികളെല്ലാം അത്ഭുതപ്പെട്ടു. അവർ അവനോട് കാര്യങ്ങൾ തിരക്കി. അവൻ വിവരങ്ങളെല്ലാം അവരോട് വിശദീകരിച്ചു പറഞ്ഞു. ആ കുട്ടിയുടെ നല്ല അവസ്ഥ കണ്ട് അവരിൽ ചില കുട്ടികൾ ആഗ്രഹിച്ചു പോയി. അവരുടെ പിതാക്കന്മാരും യുദ്ധത്തിൽ മരണപ്പെട്ടിരുന്നുവെങ്കിൽ ! അവർക്കും അവനെപ്പോലും നല്ലകാലം വരുമായിരുന്നു.! പ്രവാചകരെ പിതാവായി കിട്ടുമായിരുന്നു !

ആയതിനാൽ ഈ സംഭവത്തിൽ നിന്നും നാം പഠിക്കേണ്ട പാഠം, നല്ല പ്രവർത്തനങ്ങൾ എല്ലാ നിലയിലും നിലനിൽക്കുന്നു. ഒരു വിശ്വാസിയുടെ ചുറ്റും ധാരാളം നല്ല അവസരങ്ങൾ ഉണ്ട്. മനുഷ്യരിൽ അനുകമ്പ എന്ന വികാരം കുടികൊള്ളുന്നു.; അത് അവൻ മറ്റുള്ളവരുമായി പങ്കു വയ്ക്കണം. മനുഷ്യരിൽ ഏറ്റവും ഉത്തമനായ മനുഷ്യനായിരുന്നു പ്രവാചകൻ മുഹമ്മദ് (സ). പെരുനാൾ ദിനത്തിൽ തന്റെ കീഴിൽ ഒരു അനാഥ ബാലന്റെ സംരക്ഷണം ഏറ്റെടുത്തതിലൂടെ ബുദ്ധിപരമായ ഒരു തീരുമാനത്തിന്, നയപൂർവ്വമായ ഒരു പെരുമാറ്റത്തിന്, സഹതാപഗുണത്തിന്, മഹാ മനസ്കതയ്ക്ക് മാതൃകാശിലകൾ സ്ഥാപിക്കുകയായിരുന്നു. ഒരാളിന്റെ മാതാപിതാക്കൾ നഷ്ടമാകുന്ന അനിവാര്യ സാഹചര്യത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ അദ്ദേഹത്തെക്കാൾ കടുതൽ നന്നായി അറിയുന്നവൻ മറ്റാരാണുള്ളത് ? ആയതിനാൽ ഒരനാഥന് അഭയം നൽകുക എന്നത്, അഥവാ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നല്ല പ്രവർത്തനങ്ങൾ ചെയ്യുക എന്നത് വാസ്തവത്തിൽ ഒരു മുസ്ലീമിന്റെ യഥാർത്ഥ കടമയാണ്. അതിലൂടെ തന്റെ മാതൃകാപുരുഷനായ മുഹമ്മദ് (സ) യുടെ ഒരു ചെറിയ പ്രാതിനിധ്യം വഹിക്കുകയാണ് ചെയ്യുന്നത്.

ഇസ്ലാമിൽ ഈദുൽ ഫിത്ർ ആദ്യം എങ്ങനെയാണ് ആഘോഷിച്ചതെന്ന് നോക്കാം. ആദ്യത്തെ റമദാൻ ആചരിച്ചത് ഹിജ്റ രണ്ടാം വർഷത്തിലായിരുന്നു. അതേ റമദാൻ മാസത്തിലായിരുന്നു മുസ്ലീകൾ ഖുറൈഷികൾക്കെതിരിൽ വിജയകരമായ ആദ്യത്തെ യുദ്ധം നയിച്ചത് ; അതായത് ബദ്ർ യുദ്ധം. ആ യുദ്ധത്തിൽ ചൊരിഞ്ഞ രക്തവും, കൊലയും ഒരു യഥാർത്ഥ മുസ്ലീം ഒരിക്കലു മറക്കില്ല. ആദ്യ മുസ്ലീംകളുടെ ഈദിനെപ്പറ്റി പറഞ്ഞാൽ, ഹദീസുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു, പ്രവാചക പ്രഭു (സ) അങ്ങേയറ്റം ക്ഷീണിതനായിരുന്നു; ഹസ്രത് ബിലാൽ (റ) ന്റെ സഹായത്തോടെ എഴുന്നേറ്റ് നിന്നാണ് തന്റെ പെരുന്നാൾ പ്രസംഗം നിർവ്വഹിച്ചത് ! ഈദുൽ ഫിത്ർ ആഘോഷിക്കുന്നതിന് ഏതാനും ദിവസംമുമ്പ് സദഖാത്തുൽ ഫിത്ർ സംബന്ധമായി പ്രവാചകർ (സ) പ്രഖ്യാപനം നടത്തുകയുണ്ടായി. ഓരോ മുസ്ലീംകളും, നിർബന്ധ കടമയാണത്. ഫിത്റാന സംബന്ധമായും പ്രഖ്യാപനം വന്നു. അതിനും തന്റെ അനുചരന്മാർ മഹാമനസ്കതയോടെ സഹായിച്ചു. ലഭിച്ച ധനം പെരുനാളിനു മുമ്പും പിമ്പുമായി സാധുക്കൾക്ക്

വിതരണം ചെയ്യുകയുമുണ്ടായി.

ഹസ്രത് ജാബിർ ഇബ്നു അബ്ദുല്ലാഹ് (റ) റിപ്പോർട്ട് ചെയ്യുന്നു. **“ പ്രവാചകർ (സ) തന്റെ പ്രസംഗത്തിൽ അല്ലാഹുവിനെ സ്തുതിക്കുന്നതിനും, മഹത്വപ്പെടുത്തുന്നതിനും വളരെയധികം ഊന്നൽ നൽകുകയുണ്ടായി. മുഹമ്മദ് മുസ്തഫ (സ) ഒരു പ്രത്യേക രീതിയിൽ, അസാധാരണമായ നിലയിൽ അല്ലാഹുവിനെ പുകഴ്ത്തുകയുണ്ടായി.”**

മറ്റൊരു ഹദീസിൽ ജാബിർ (റ) റിപ്പോർട്ട് ചെയ്യുന്നു. ഈദ് ദിവസം അവർ പ്രവാചകൻ (സ) യോടൊപ്പമായിരുന്നു. പെരുനാൾ പ്രസംഗത്തിന് മുമ്പ് രണ്ട് റക്അത്ത് നമസ്ക്കരിക്കുകയുണ്ടായി. ആ നമസ്ക്കാരത്തിന് ബാങ്കോ, ഇക്കാമത്തോ ഉണ്ടായിരുന്നില്ല. നമസ്ക്കാരശേഷം ഹസ്രത് ബിലാൽ (റ) ന്റെ സഹായത്തോടെ പ്രവാചകർ (സ) വിശ്വാസികളെ അഭിസംബോധനചെയ്ത് സംസാരിക്കുകയുണ്ടായി. തഖ്വ കൈക്കൊള്ളുവാൻ ഊന്നിപറയുകയും ഉണ്ടായി; എന്നിട്ട് ബിലാൽ (റ) ന്റെ സഹായത്തോടെ പ്രവാചകർ (സ) സ്ത്രീകളുടെ ഭാഗത്തേക്ക് അവരെ ഉപദേശിക്കുവാനായി പോകുകയുണ്ടായി. ബുഖാരിയിലും, മുസ്ലിമിലും ഈദ് എങ്ങനെയാണ് ആഘോഷിച്ചതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹസ്രത് ആയിശാ (റ) പറഞ്ഞു. ഒരു ഈദ്ദിനത്തിൽ പരിശുദ്ധ പ്രവാചകർ തന്നോടൊപ്പമായിരുന്നു. ; അപ്പോൾ രണ്ട് പെൺകുട്ടികൾ അവിടെ പാട്ട് പാടിക്കൊണ്ടിരിക്കുകയും, സംഗീതമാലപിക്കുകയും ചെയ്തുകൊണ്ടിരുന്നു. പരിശുദ്ധ പ്രവാചകർ (സ) കിടക്കയിൽ കിടക്കുകയായിരുന്നു. അപ്പോൾ തന്റെ മുഖം മറ്റൊരു ഭാഗത്തേക്ക് തിരിച്ചു. ഹസ്രത് അബൂബക്കർ (റ) അവിടെ വന്നു. എന്നിട്ട് ആയിശായോട് ചോദിച്ചു. പ്രവാചകരുടെ സാന്നിദ്ധ്യത്തിൽ ഈ സാത്താനിക സംഗീതം ആലപിക്കുവാൻ നിങ്ങൾക്ക് എങ്ങനെയാണ് കഴിയുന്നത് ; അപ്പോൾ പ്രവാചകർ (സ) അബൂബക്കർ (റ) നോട് പറഞ്ഞു അവർ പാടിക്കോട്ടെ ഇന്ന് ഈദ് അല്ലേ ? ഹസ്രത് ആയിശാ (റ) ആ സമയത്ത്, തന്റെ പിതാവ് അവിടെ വരുമെന്ന് കരുതിയില്ല, അതിനുശേഷം ഹസ്രത് ആയിശാ (റ) ആ പെൺകുട്ടികളോട് അവിടെ നിന്ന് പോകുവാൻ ആംഗ്യം കാണിക്കുകയുണ്ടായി. മറ്റൊരു ഹദീസിൽ ഈ സംഭവം മറ്റൊരു രീതിയിൽ വന്നിട്ടുണ്ട്. മുഹമ്മദ് (സ) അബൂബക്കർ (റ) നെ മനസ്സിലാക്കി കൊടുക്കുകയുണ്ടായി. അതായത് ഓരോ ജനതയും (മുസ്ലീംകളും) ചില പ്രത്യേക രീതിയിൽ ഈദ് ആഘോഷിക്കുന്നതാണ്. ആയതിനാൽ, നാം അതിനെ ആദരിക്കണം; അവരെ ചെറുതാക്കി കാണരുത്. !

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് മുമ്പ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളേയും ഞാൻ ഉപദേശിക്കുകയാണ്. **“യഥാർത്ഥമായ പെരുനാൾ, നമ്മുടെ സന്തോഷം മറ്റുള്ളവരുടെ വേദനയിൽ പങ്കുചേരുക എന്നതിലാണ്.”** നാം സ്വയം സംരക്ഷിതരായിരിക്കണം ; നേർപാതയിൽ ഉറച്ചു നിൽക്കണം; ഈദ് മുബാറക് ഓരോരുത്തർക്കും ഉണ്ടാകുവാൻ കഠിനമായി യത്നിക്കണം; ഇൻശാ അല്ലാഹ്.

**എന്റെ തീവ്രമായ ഇച്ഛയും ആഗ്രവും നിങ്ങളുമായി ഈദ് മുബാറക് പങ്കിടുക എന്നതാണ്. !**

**യാ അല്ലാഹ് ! ഞങ്ങൾ എവിടെയായാലും നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾക്ക് നൽകേണമേ ! ഈ സന്തോഷ അവസരത്തിലും പലസതീനിലെ ഞങ്ങളുടെ സഹോദരന്മാരെയും സഹോദരിമാരെയും കുട്ടികളെയും, ദുഃഖത്തോടെ ഓർക്കുകയാണ്. മറ്റു മുസ്ലീം രാജ്യങ്ങളിലും ഇസ്ലാമിനെ നശിപ്പിക്കുവാൻ തീവ്രശ്രമം നടത്തുന്നവരുടെ പിടിയിലമർന്ന് സഹോദരർ അങ്ങേയറ്റത്തെ പ്രയാസങ്ങൾ നേരിടുകയാണ്. അവർ അവരുടേതായ കാട്ടാളനിയമം നടപ്പിലാക്കുകയാണ്. കാരണം അവർ ഇസ്ലാമിനെ ഒരു വിനയായും ഭീകരമതമായും മുദ്രകുത്തിയിരിക്കുന്നു. യാ അല്ലാഹ് ! മുസ്ലീം സമൂഹത്തെ നീ രക്ഷിക്കേണമേ ! ഇസ്ലാമിനെ ശക്തിപ്പെടുത്തേണമേ ! ഞങ്ങളുടെ ദൗർബല്യങ്ങളെ നീ ചികിത്സിച്ചു ഭേദമാക്കേണമേ ! ലോക മെമ്പാടും ഇസ്ലാമിന്റെ മഹത്വവും വിജയവും എത്തിക്കുവാൻ ഞങ്ങളെ ശാരീരികമായും, ധാർമ്മികമായും, ആത്മീയമായും ആരോഗ്യമുളളവരാക്കി തീർക്കണമേ ! ആമീൻ.**

**യാ അല്ലാഹ് ! ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ ആത്മാർത്ഥ അനുയായികളെ നല്ല പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ മാർഗ്ഗദർശനം നൽകണമേ ! ഞങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും ഫലവത്താക്കി തീർക്കണമേ ! നിന്റെ പ്രകാശത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കണമേ ! ജമാ അത്തിലെ ഓരോ അംഗത്തിനും നിന്റെ പ്രകാശത്തിലൂടെ ദൃഷ്ടാന്തം നൽകേണമേ ! സ്വർഗ്ഗീയ വാതിലുകൾ ഞങ്ങൾക്കായി തുറക്കേണമേ ! നാരകീയ വാതിലുകൾ ഞങ്ങളുടെ മുമ്പിൽ അടയ്ക്കേണമേ ! ഖുർ ആന്റെ സത്ഫലങ്ങൾ കൊയ്തെടുക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ !**

**യാ അല്ലാഹ് ! നിന്റെ സന്തോഷം കരസ്ഥമാക്കുവാനുള്ള വഴി ഞങ്ങൾക്ക് തുറന്നു തന്നാലും ! സാത്താൻ ഞങ്ങളുടെ മേൽ ഒരു തരത്തിലും അധികാരിയാകല്ലേ ! നീ ഇഷ്ടപ്പെടുന്നത് ഞങ്ങൾ നിന്നോട് യാജിക്കുന്നു. ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. നിന്നെ അനുസരിക്കുവാനുള്ള സൗഭാഗ്യം നൽകേണമേ ! നിന്നെ ധിക്കരിക്കുന്നവരാക്കരുതേ !**

യാ അല്ലാഹ് നിന്റെ സ്നേഹിതരെ സ്നേഹിക്കുന്നവരായി ഞങ്ങളെ കണക്കാക്കേണമേ ! നിന്റെ ശത്രുക്കളെ വെറുക്കുന്നവരായി കണക്കാക്കേണമേ ! ഞങ്ങളുടെ പ്രയാസങ്ങളെ അകത്തി സൗഭാഗ്യത്തെ പ്രദാനം ചെയ്യേണമേ !

യാ അല്ലാഹ് എല്ലാ മ്ലേച്ഛമായതിൽ നിന്നും അശുദ്ധമായതിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കണമേ ! എല്ലാ കാര്യങ്ങളിലും ക്ഷമ കൈക്കൊള്ളുന്നവരാക്കി തീർക്കണമേ ! ഞങ്ങളെ മുത്തഖീങ്ങളാക്കി തീർക്കണമേ! കളളം, ചതി, ശത്രുത, കപടത, തിന്മകൾ, പരുഷത, അസൂയ, പോരാട്ടങ്ങൾ, വിപ്ലവം തുടങ്ങിയ ദുർഗുണങ്ങളിൽ നിന്നും ഞങ്ങളെ നീ സംരക്ഷിക്കേണമേ ! ദജ്ജാലിൽ നിന്നും അവന്റെ ഫിത്നകളിൽ നിന്നും നീ ഞങ്ങളെ സംരക്ഷിക്കണേമെ ! സാത്താന്റെ കുതന്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കേണമേ ! ശാരീരിക ഇച്ഛകളിൽ നിന്നും നീ ഞങ്ങളെ കാത്തു കൊള്ളേണമേ !

യാ അല്ലാഹ് നീ ഞങ്ങൾക്ക് പരിപൂർണ്ണ ഈമാൻ പ്രദാനം ചെയ്യേണമേ ! എല്ലായ്പ്പോഴും നീ ഞങ്ങൾക്ക് മാർഗ്ഗ ദർശനം നൽകേണമേ ! നിന്റെ കാരുണ്യം ഞങ്ങളുടെ മേൽ ചൊരിയേണമേ ! അനുഗ്രഹ പേമാരി തന്നെ വർഷിക്കണമേ ! ഞങ്ങൾക്ക് നീ ഹലാലായ ഭക്ഷണം നൽകേണമേ ! ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിൽ ഒരു സമ്പൂർണ്ണ ജീവിതം നീ ഞങ്ങൾക്ക് നൽകേണമേ ! വലുതും ചെറുതുമായ എല്ലാ രോഗങ്ങളിൽ നിന്നും നീ ഞങ്ങളെ സംരക്ഷിക്കേണമേ ! നിന്റെ ഖലീഫ സ്ഥാപിച്ച നിന്റെ ജമാഅത്തിനു സേവനം ചെയ്യുവാൻ നീ ഞങ്ങളെ പ്രാപ്തരാക്കേണമേ ! ദുരന്തങ്ങളിൽ നിന്നും, ഭയത്തിൽ നിന്നും, ഭീകരതയിൽ നിന്നും, കടങ്ങളിൽ നിന്നും നീ ഞങ്ങളെ മുക്തരാക്കേണമേ ! ലോകത്തിന്റെ എല്ലാഭാഗങ്ങളിലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ സന്ദേശം എത്തിക്കുവാൻ നീ ഞങ്ങളെ പ്രാപ്തരാക്കണമേ ! യാ അല്ലാഹ് ഇന്ത്യയിലും, ശ്രീലങ്കയിലും, മാലിദ്വീപിലും, ദുബായി, അബുദാബി, മയോട്ടി, കോമൊറോസ്, മടഗാസ്ക്കർ, റീയൂണിയൻ ഐലന്റ്, സെചില്ലീസ്, റോഡ്റിക്യൂസ്, ട്രിനി ഡാഡ്, ടുബാഗോ, ജപ്പാൻ, തുടങ്ങിയ ഇടങ്ങളിലുള്ള എല്ലാ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളേയും നീ മുത്തഖീങ്ങളാക്കി തീർക്കണേമേ ! ആമീൻ ! സുമ്മ ആമീൻ ! യാ ! റബ്ബൽ ആലമീൻ !


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************